# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4298 — 17.05.2017 ൽ മറുപടിയ്ക്ക്

## കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ അംഗങ്ങളുടെ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.എ.പി.അനിൽകുമാർ<br>ശ്രീ.അനിൽ അക്കര<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിലവിൽ എത്ര അംഗങ്ങളുടെ ഒഴിവുകളുണ്ട്; | (എ) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിലവിൽ 2 അഡ്മിനിസ്ട്രേറ്റീവ് അംഗങ്ങളുടെ ഒഴിവുണ്ട്. |
| (ബി) ഹൈക്കോടതി ചീഫ് ജസ്റ്റിസ് അദ്ധ്യക്ഷനായ സമിതി അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ അംഗങ്ങളുടെ നിയമനത്തിന് ശിപാർശ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണെന്നും ആരെയൊക്കെയാണ് ശിപാർശ ചെയ്തതെന്നും അറിയിക്കുമോ; | (ബി) ഉണ്ട്.<br>24/10/2016-ൽ ഡോ.ടി.പി.സെൻകുമാർ ഐ.പി.എസ്, ശ്രീ.വി.സോമസുന്ദരൻ ഐ.എ.എസ്. എന്നിവരെ സമിതി ശിപാർശ ചെയ്തിട്ടുണ്ട്. |
| (സി) പ്രസ്തുത ഫയൽ ഗവർണർക്ക് സമർപ്പിക്കുവാൻ കാലതാമസം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കാലതാമസം വന്നുവെന്നും ഏത് ഓഫീസിലാണ് കാലതാമസം ഉണ്ടായതെന്നും അറിയിക്കുമോ; | (സി) ഇല്ല. |

| | |
|---|---|
| (ഡി) ഈ ഫയലിൽ രണ്ടാഴ്ചയ്ക്കകം തീരുമാന മെടുക്കണമെന്ന് കേരള ഹൈക്കോടതി 06.04.2017-ൽ നിർദ്ദേശിച്ചിരുന്നോ; പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാന ത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് നടപടി സ്വീകരിച്ചതെന്ന് അറിയിക്കുമോ? | (ഡി) നിർദ്ദേശിച്ചിരുന്നു.<br>നടപടി സ്വീകരിച്ചിട്ടുണ്ട്.<br>ബഹു.ഹൈക്കോടതി നിർദ്ദേശിച്ചതിനനുസരിച്ച് 20/04/2017-ൽ ചേർന്ന മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിലുള്ള സർക്കാരിന്റെ അഭിപ്രായം ബഹു.ഗവർണറെ അറിയിക്കുകയും ഗവർണറുടെ അഭിപ്രായം ലഭ്യമായ മുറയ്ക്ക് 10/05/2017-ൽ ചേർന്ന മന്ത്രിസഭായോഗം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മെമ്പർമാരുടെ നിയമന കാര്യത്തിൽ സർക്കാരിന്റെ അഭിപ്രായം രേഖപ്പെടുത്തിക്കൊണ്ട് ബഹു.ഹൈക്കോടതി ചീഫ് ജസ്റ്റിസ് അദ്ധ്യക്ഷനായ സമിതിയുടെ ശുപാർശ ബഹു.സുപ്രീം കോടതി ചീഫ് ജസ്റ്റിസിന് സമർപ്പിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ